പാഠം 5

# യേശു, ആശ്വാസദായകൻ

## ശബ്ബത്ത് സായാഹ്നം

**ഈ ആയാഴ്ചയിലെ പാഠത്തിനായി വായിക്കുക: ഉല്പത്തി 15:13–21; എബ്രാ. 3:12–19; 4:6–11; 4:1,3,5,10; ആവ. 5:12–15; എബ്രാ. 4:8–11).**

**മനഃപാഠവാക്യം: "ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു" (എബ്രാ. 4:9).**

ദൈവജനത്തിന്റെ മോചകനും ഭരണാധികാരിയുമായി യേശുവിനെ അവരോധിക്കുന്നതിലാണ് എബ്രായർ 1 ഉം 2 ഉം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. നമുക്ക് സ്വസ്ഥത നല്കുന്ന ഒരുവനായി യേശുവിനെ പരിചയപ്പെടുത്തുകയാണ് എബ്രായർ 3 ഉം 4 ഉം. വാഗ്ദത്ത രാജാവിനും അവന്റെ ജനങ്ങൾക്കും ദൈവം ശത്രുക്കളിൽനിന്നും 'സ്വസ്ഥത' നല്കുമെന്നുള്ള ദാവീദിനോടുള്ള ഉടമ്പടി നാം ഓർക്കുകയാണെങ്കിൽ ഈ പുരോഗതിക്ക് യുക്തിയുണ്ട് (2 ശമൂ. 7:10,11). ഇപ്പോൾ യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതുകൊണ്ട് ഈ സ്വസ്ഥത നമുക്ക് ലഭ്യമാണ്.

ഈ സ്വസ്ഥതയെ എബ്രായർ വർണ്ണിക്കുന്നത് ദൈവത്തിനുള്ള ഒരു സ്വസ്ഥതയായും ഒരു ശബ്ബത്ത് സ്വസ്ഥതയായുമാണ് (എബ്രാ. 4:1–11). അവന്റേതായ ഈ സ്വസ്ഥത ദൈവം ആദാമിനും ഹവ്വയ്ക്കും ലഭ്യമാക്കി. ഈ പൂർണ്ണത സാധ്യമാക്കിയവനുമായുള്ള പൂർണ്ണതയുടെ അനുഭവമായിരുന്നു ആദ്യശബ്ബത്ത്. ദൈവം ഒരു ശബ്ബത്ത് സ്വസ്ഥത കൂടി വാഗ്ദത്തം ചെയ്യുന്നു. കാരണം യഥാർത്ഥ ശബ്ബത്തനുഷ്ഠാനത്തിൽ ദൈവം ആ പൂർണ്ണത തിരികെക്കൊണ്ടുവരും എന്ന വാഗ്ദത്തം കൂടി ഉൾപ്പെട്ടിരിക്കുന്നു.

നാം ശബ്ബത്ത് അനുഷ്ഠിക്കുമ്പോൾ, ദൈവം ഈ ഭൂമി സൃഷ്ടിക്കുകയും ക്രൂശിൽ നമ്മെ വീണ്ടെടുക്കുകയും ചെയ്തപ്പോൾ ദൈവം നമുക്കാവശ്യമായ പൂർണ്ണ കരുതൽ നടപടികൾ കൂടി ചെയ്തിരുന്നുവെന്ന് നാം ഓർക്കുന്നു. എന്നിരുന്നാലും സത്യമായ ശബ്ബത്ത് ആരാധന, ഒന്നാമനായും പ്രഥമനായും സൃഷ്ടിപ്പിലേക്ക് വിരൽചൂണ്ടുന്നതുകൂടാതെ, ഈ അപൂർണ്ണ ലോകത്തിൽ, ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ള ഭാവിയുടെ ഒരു മുൻ അനുഭവം കൂടി നല്കുന്നു.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 29 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## ദേശം സ്വസ്ഥതയുടെ ഒരു സ്ഥലമായി

**വായിക്കുക: ഉല്പത്തി 15:13–21. അബ്രഹാമിനോട് ദൈവം എന്താണ് വാഗ്ദത്തം ചെയ്തത്?**

മിസ്രയീമിൽനിന്നും യിസ്രായേല്യരെ ദൈവം അടിമത്തത്തിൽനിന്നും വിടുവിച്ചപ്പോൾ, അവന്റെ ഉദ്ദേശ്യം യിസ്രായേല്യരെ കാണാൻ ദേശത്തേക്ക് കൊണ്ടുവരിക എന്നതായിരുന്നു. അവിടെ അവർക്ക് ദൈവത്തെ സ്വതന്ത്രമായി സേവിക്കയും അനുസരിക്കയും ചെയ്യാമായിരുന്നു (പുറ. 8:1; സങ്കീ. 105:43–45). ഫറവോൻ നിരോധിച്ച ശബ്ബത്ത് വിശ്രമം ഉൾപ്പെടെ (പുറ. 5:5). കനാൻ ദേശം ദൈവം അവരുടെ പിതാവായ അബ്രഹാമിനോട് വാഗ്ദത്തം ചെയ്ത അനന്തരാവകാശമായിരുന്നു. കാരണം അവൻ ദൈവത്തിന്റെ ശബ്ദം അനുസരിച്ച് വാഗ്ദത്ത നാട്ടിലേക്ക് പോകുന്നതിനായി അവന്റെ ദേശം ഉപേക്ഷിച്ചു (ഉല്പത്തി 11:31–12:4).

യിസ്രായേലിന് ദൈവം ആ ദേശം കൊടുത്തതിന്റെ ഉദ്ദേശ്യം ജനങ്ങൾ അത് കൈവശപ്പെടുത്തുക എന്നതു മാത്രമായിരുന്നില്ല, ദൈവം അവരെ അവന്റെയടുക്കലേക്ക് കൊണ്ടുവരികയായിരുന്നു (പുറ. 19:4). അവനുമായി ഒരു ഈടാർന്ന ബന്ധം ആസ്വദിക്കാവുന്ന ഒരിടത്ത് അവർ താമസിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. യാതൊരു തടസ്സങ്ങളുമില്ലാതെ, സത്യദൈവം ആരാണെന്നുള്ളതിനും അവന്റെ ജനങ്ങൾക്ക് അവൻ എന്തു നല്കുമെന്നുള്ളതിനും ലോകത്തിന് ഒരു സാക്ഷിയായി. സൃഷ്ടിപ്പിലെ ശബ്ബത്ത് പോലെ, അവന്റെ നന്മയുടെ സന്തോഷവും അവരുടെ വീണ്ടെടുപ്പുകാരനുമായുള്ള ഒരു ഈടാർന്ന ബന്ധവും സാധ്യമാക്കുന്ന ഒരു ചട്ടക്കൂടായിരുന്നു കനാൻ ദേശം.

ആവ. 12:1–14 ൽ ദൈവം ജനങ്ങളോട് പറഞ്ഞത് അവർ സ്വസ്ഥതയിൽ പ്രവേശിക്കുമെന്നാണ് വെറുതെ അവർ ദേശത്ത് പ്രവേശിക്കുമ്പോൾ മാത്രമല്ല, പിന്നെയോ അവർ ദേശത്തുനിന്നും വിഗ്രഹാരാധനയെ ശുദ്ധമാക്കുമ്പോൾ. അതിനുശേഷം ദൈവം അവരെ തിരഞ്ഞെടുക്കപ്പെട്ടത് കാണിച്ചുകൊടുക്കും അവൻ അവർക്കിടയിൽ വസിക്കേണ്ടതിനുള്ള സ്ഥലം.

**വായിക്കുക പുറ. 20:8–11; ആവ. 5:12–15. എന്ത് രണ്ടു കാര്യങ്ങളാണ് ശബ്ബത്ത് സ്വസ്ഥത അനുസ്മരിപ്പിക്കുന്നത്, എങ്ങനെയാണ് അവ ബന്ധപ്പെട്ടിരിക്കുന്നത്.**

സൃഷ്ടിപ്പിലെ ശബ്ബത്തിനെ ദൈവം മിസ്രയീമിൽ നിന്നുള്ള വിടുതലിനായി ബന്ധപ്പെടുത്തി. ശബ്ബത്തിനെ സൃഷ്ടിപ്പിന്റെ ഒരു ഓർമ്മസ്തംഭമായും മിസ്രയീമിൽ നിന്നുള്ള വീണ്ടെടുപ്പിന്റെ ഒരു ഓർമ്മസ്തംഭമായും ആചരിക്കാൻ അവൻ നിർദ്ദേശിച്ചു. സൃഷ്ടിപ്പും വീണ്ടെടുപ്പും ശബ്ബത്ത് കല്പനയിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. നാം നമ്മെ സൃഷ്ടിച്ചില്ല എന്നതുപോലെ, നമ്മെ നമുക്ക് വീണ്ടെടുക്കാനുമാവില്ല. അത് ദൈവത്തിനു മാത്രം ചെയ്യാൻ കഴിയുന്ന ഒരു പ്രവൃത്തിയാണ്. നാം സ്വസ്ഥത ആചരിക്കുന്നതിലൂടെ നമുക്ക് അവന്റെ മേലുള്ള ആശ്രയത്തെ മാത്രമല്ല, രക്ഷയ്ക്കും വിശ്വാസത്താലുള്ള രക്ഷയുടെ ഒരു ശക്തമായ പ്രകടനമാണ് ശബ്ബത്ത് അനുഷ്ഠാനം.

**എങ്ങനെയാണ് ശബ്ബത്ത് ആചരിക്കുന്നത് ദൈവത്തിലുള്ള നമ്മുടെ പൂർണ്ണ ആശ്രയത്തെ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നത്, നിലനില്പിനായി മാത്രമല്ല, പിന്നെയോ രക്ഷയ്ക്കായും?**

## അവിശ്വാസത്താൽ

**വായിക്കുക: എബ്രാ. 3:12-19 എന്തുകൊണ്ടാണ് യിസ്രായേല്യർക്ക് വാഗ്ദത്ത സ്വസ്ഥതയിൽ പ്രവേശിക്കാൻ സാധിക്കാതിരുന്നത്?**

സങ്കടകരമായ കാര്യം എന്തെന്നാൽ മിസ്രയീമിൽനിന്നും വിടുവിക്കപ്പെട്ടവർക്ക് ദൈവം അവർക്ക് വാഗ്ദത്തം ചെയ്ത സ്വസ്ഥതയിൽ പ്രവേശിക്കാൻ സാധിച്ചില്ല എന്നതാണ്. യിസ്രായേല്യർ വാഗ്ദത്ത നാടിന്റെ അതിർത്തിയിലെ കാദേശിൽ എത്തിയപ്പോൾ, അവർക്ക് ആവശ്യമായിരുന്ന വിശ്വാസം അവർക്കില്ലായിരുന്നു. സംഖ്യാപുസ്തകം 13 ഉം 14 ഉം വിവരിക്കുന്നത് യിസ്രായേൽ ഒറ്റുകാർ "യിസ്രായേൽ മക്കളോടു ദുർവർത്താനമായി പറഞ്ഞതെന്തെന്നാൽ" (സംഖ്യാ. 13:32) ദേശം നല്ലതാണെന്ന് അവർ ഉറപ്പിച്ചു പറഞ്ഞു. എന്നാൽ അവിടുള്ള നിവാസികൾ ശക്തന്മാരും കോട്ടകൾ ഉറപ്പുള്ളതാണെന്നും അവരെ കീഴടക്കാൻ സാധ്യമല്ല എന്നും പറഞ്ഞു.

ആ ദേശം നല്ലതായിരുന്നെന്ന് യോശുവയും കാലേബും സമ്മതിക്കുകയും അവിടുള്ള മനുഷ്യർ ശക്തരാണെന്നു കോട്ടകൾ ഉറപ്പുള്ളതാണെന്നുമുള്ള വസ്തുതയെ എതിർക്കുകയോ ചെയ്തില്ല. എന്നാൽ ദൈവം അവരോടുകൂടെ ഉണ്ടെന്നും അവൻ അവരെ ദേശത്ത് പ്രവേശിപ്പിക്കുമെന്നും അവർ പറഞ്ഞു (സംഖ്യ. 14:7-9). എന്നിട്ടുകൂടി, മിസ്രയീമിനെ ബാധകളാൽ ദൈവം നശിപ്പിക്കുന്നത് കണ്ട ആ ജനം (പുറ. 7-12), ചെങ്കടലിൽ ഫറവോന്റെ സൈന്യത്തെ ഉന്മൂലം ചെയ്തവൻ (പുറ. 14), സ്വർഗ്ഗത്തിൽനിന്ന് മന്ന നല്കിയവൻ (പുറ. 16) പാറയിൽനിന്ന് വെള്ളവും (പുറ. 17) അതോടൊപ്പം അവന്റെ തുടർച്ചയായ സാന്നിധ്യം മേഘങ്ങളിലൂടെ അറിയിച്ചവൻ (പുറ. 40:36-38), ഇതെല്ലാം കണ്ടിട്ടും ഇപ്പോൾ അവനിൽ ആശ്രയിക്കുവാൻ പരാജയപ്പെട്ടു. ദൈവത്തിന്റെ ശക്തിയുടെ അതിമഹത്തായ പ്രകടനങ്ങൾ കണ്ട തലമുറ വിശ്വാസമില്ലായ്മയുടെ ഒരടയാളമായി എന്നത് ദുരന്തകരമായ ഒരു വിരോധാഭാസമാണ് (നെഹെ. 9:15-17; സങ്കീ. 106:24-26; 1 കൊരി. 10:5-10).

മനുഷ്യന് എത്തിപ്പിടിക്കാവുന്നതിലും അപ്പുറമായ ദാനങ്ങൾ അവന്റെ മക്കൾക്ക് ദൈവം വാഗ്ദത്തം ചെയ്യുന്നു. അതിനാലാണ് അവ കൃപയിൽ അധിഷ്ഠിതമായിരിക്കുന്നതും വിശ്വാസത്തിലൂടെ മാത്രം നേടിയെടുക്കാനാകുന്നതും. എബ്രാ. 4:2 വിശദീകരിക്കുന്നത് യിസ്രായേലിന് പരിണമിക്കായ്ക കൊണ്ടു കേട്ട വചനം അവർക്ക് ഉപകാരമായി വന്നില്ല" (എബ്രാ. 4:2).

വാഗ്ദത്ത നാടിന്റെ അതിർത്തിയോളം ഒരു ജനമെന്ന നിലയിൽ യിസ്രായേല്യർ യാത്ര ചെയ്തു. വിരുദ്ധമായ വിവരങ്ങൾ നേരിട്ടപ്പോൾ ജനം, വിശ്വാസമില്ലാത്തവരുമായി ഒത്തുചേർന്നു. വിശ്വാസമോ അതിന്റെ ഇല്ലായ്മയോ പടർന്നുപിടിക്കുന്നതാണ്. അതിനാലാണ് എബ്രായർ അതിന്റെ വായനക്കോരാട് "അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ" (എബ്രാ. 3:13) എന്ന് ആഹ്വാനം ചെയ്യുന്നത്." തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക" (എബ്രാ. 10:24). "ആരും ദൈവകൃപ വിട്ടു പിന്മാറുകയും" (എബ്രാ. 12:15) അരുത് എന്ന് ഉപദേശിക്കുന്നത്.

**സഹവിശ്വാസികളുടെ വിശ്വാസം വളർത്തുവാൻ ഏതെല്ലാം മാർഗ്ഗങ്ങളിൽ നിങ്ങൾക്ക് സഹായിക്കുവാൻ കഴിയും? മറ്റൊരാളുടെ വിശ്വാസം ബലഹീനമാക്കാൻ ഉതകുന്നവിധം നിങ്ങൾ യാതൊന്നും പറയുകയോ ചെയ്യുകയോ ഇല്ലെന്ന് നിങ്ങൾക്ക് എങ്ങനെ ഉറപ്പു വരുത്താനാകും?**

## ഇന്ന്, നിങ്ങൾ അവന്റെ ശബ്ദം കേൾക്കുമെങ്കിൽ

**വായിക്കുക: എബ്രായർ 4:4-8. ശബ്ബത്ത് അനുഷ്ഠാനവുമായി ബന്ധപ്പെടുത്തി 'ഇന്ന്' സ്വസ്ഥതയിൽ പ്രവേശിക്ക എന്നതിന്റെ അർത്ഥം എന്താണ്?**

മരുഭൂ തലമുറയുടെ അവിശ്വാസം അവരെ ദൈവം വാഗ്ദത്തം ചെയ്ത സ്വസ്ഥതയിൽ പ്രവേശിക്കുന്നതിൽനിന്നും തടഞ്ഞു. എന്നാൽ ദൈവം തുടർന്നും ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയും അവരുടെ ഹൃദയങ്ങളെ കഠിനമാക്കാതെ സ്വസ്ഥതയിൽ പ്രവേശിക്കാൻ പറയുകയും ചെയ്തു. ദൈവത്തിന്റെ വാഗ്ദത്തം "ശേഷിച്ചിരിക്കുന്നു" എന്ന് പൗലൊസ് നിരവധി തവണ ആവർത്തിക്കുന്നു (എബ്രാ. 4:1,6,9). അവൻ ഗ്രീക്ക് ക്രിയകളായ katakipo, apoleipo എന്നിവ ഉപയോഗിച്ച് ഊന്നിപ്പറയുന്നു: "അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേഷിച്ചിരിക്കയാൽ" (എബ്രാ. 4:1). ദാവീദിന്റെ സമയത്തും ഈ സ്വസ്ഥതയിൽ പ്രവേശിക്കുന്നതിനുള്ള ക്ഷണം ആവർത്തിക്കപ്പെട്ടു എന്ന വസ്തുത (എബ്രാ. 4:6,7; 95-ാം സങ്കീർത്തനത്തെ പ്രതിപാദിക്കുന്നു) സൂചിപ്പിക്കുന്നത് വാഗ്ദത്തം അവകാശപ്പെട്ടിട്ടില്ല എന്നും അതിപ്പോഴും ലഭ്യമാണെന്നുമാണ്. വാസ്തവത്തിൽ പൗലൊസ് അഭിപ്രായപ്പെടുന്നത് സത്യ ശബ്ബത്ത് സ്വസ്ഥതയുടെ അനുഭവം സൃഷ്ടിപ്പിന്റെ കാലം മുതൽ ലഭ്യമാണെന്നാണ്.

അവന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കാൻ ദൈവം "ഇന്ന്" നമ്മെ വിളിക്കുന്നു. തിരുവെഴുത്തിലുടനീളം "ഇന്ന്" എന്നത് സുപ്രധാനമായ ഒരാശയമാണ്. വാഗ്ദത്ത നാടിന്റെ അതിർത്തിയിൽ ദൈവവുമായുള്ള യിസ്രായേലിന്റെ ഉടമ്പടി മോശെ പുതുക്കിയപ്പോൾ, അവൻ "ഇന്നിന്റെ" പ്രാധാന്യം ഊന്നിപ്പറഞ്ഞു (ആവ. 5:3; ആവ. 4:8 ഉം, 6:6 മുതലായവയുമായി താരതമ്യം ചെയ്ക). അത് ദൈവത്തിന്റെ വിശ്വസ്തത തിരിച്ചറിയുവാനുള്ള ഒരു നിമിഷത്തെ പ്രതിഫലനമായിരുന്നു (ആവ. 11:2-7). ദൈവത്തെ അനുസരിക്കുവാനുള്ള തീരുമാനത്തിന്റെ ഒരു സമയം (ആവ. 5:1-3) സമാനമായി, യോശുവ അവന്റെ കാലത്തെ ജനങ്ങളെ വിളിച്ച് അവരോടു പറഞ്ഞു. "ആരെ സേവിക്കും എന്ന് ഇന്ന് തിരഞ്ഞെടുത്തുകൊൾവിൻ" (യോശുവ 24:15).

സമാനമായി, "ഇന്ന്" നമുക്കൊരു തീരുമാനത്തിന്റെ സമയമാണ്. അവസരത്തിന്റെയും അതുപോലെ അപകടത്തിന്റെയും ഒരു സമയം, എല്ലായ്പോഴും ദൈവജനത്തിന്റെ അവസ്ഥ ആയിരുന്നതുപോലെ (കൊരി. 6:2 കാണുക). "ഇന്ന്" എന്നത് എബ്രായറിൽ അഞ്ച് പ്രാവശ്യം 3-ാം അദ്ധ്യായത്തിലും 4-ാം അദ്ധ്യായത്തിലും പ്രത്യക്ഷപ്പെടുന്നു. അത് ദൈവത്തിന്റെ ശബ്ദം ശ്രവിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊന്നി പറയുന്നു (എബ്രാ. 3:7,15; 4:7). കാരണം ദൈവത്തിന്റെ വചനം ശ്രവിക്കുന്നതിലും വിശ്വസിക്കുന്നതിലും പരാജയപ്പെടുമ്പോൾ അത് അനുസരണക്കേടിലേക്കും നമ്മുടെ ഹൃദയങ്ങൾ കഠിനമാകുന്നതിലേക്കും അത് നയിക്കുന്നു. അതിന് നമ്മുടെ സ്വർഗ്ഗീയ ജ്ഞാനത്തിലേക്കുള്ള പ്രവേശനം വൈകിക്കാൻ കൂടി കഴിയും മരുഭൂ തലമുറയെ അത് ഐഹിക കനാനിൽ പ്രവേശിപ്പിക്കാതിരുന്നതുപോലെ. എന്നാൽ യേശു നമ്മുടെ ശത്രുക്കളെ പരാജയപ്പെടുത്തി (എബ്രാ. 2:14-16). ഒരു പുതിയ ഉടമ്പടിക്ക് തുടക്കം കുറിച്ചിട്ടുണ്ട് (എബ്രാ. 8:10). അപ്രകാരം നമുക്ക് "ധൈര്യത്തോടെ കൃപാസനത്തോട് അടുത്തുവരാം" (എബ്രാ. 4:4-16). "ഇന്ന്" നമ്മോടുള്ള ആഹ്വാനം നമ്മെ ക്ഷണിക്കുന്നത് ദൈവം നമ്മോട് വിശ്വസ്തനായിരുന്നുവെന്നും അവന്റെ ക്ഷണം താമസം കൂടാതെ സ്വീകരിക്കുവാനുള്ള എല്ലാ കാരണങ്ങളും നല്കിയിട്ടുണ്ടെന്നുമാണ്.

**എന്ത് ആത്മീയ തീരുമാനങ്ങളാണ് നിങ്ങൾ "ഇന്ന്" എടുക്കേണ്ടത്. അതായത് മറ്റൊരു സമയത്തേക്ക് മാറ്റിവയ്ക്കാതെ? നിങ്ങൾ ഇപ്പോൾതന്നെ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് നിങ്ങൾക്കറിയാമായിരുന്ന കാര്യം നിങ്ങൾ മുൻകാലത്ത് വൈകിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവം എന്താണ്?**

## അവന്റെ സ്വസ്ഥതയിൽ പ്രവേശിക്കുന്നു

**വായിക്കുക: എബ്രായർ 3:11; 4:1,3,5 നാം പ്രവേശിക്കാനായി അവൻ ക്ഷണിക്കുന്ന ആ സ്വസ്ഥതയെ ദൈവം എങ്ങനെയാണ് വിശേഷിപ്പിക്കുന്നത്?**

പുറപ്പാട് 20:8-11 ലുള്ള ശബ്ബത്ത് കല്പനയും അതേക്കുറിച്ച് ആവർത്തനം 5:12-15 ലുള്ള മോശെയുടെ പുനഃപ്രസ്താവനയും ദൈവം നമുക്കുവേണ്ടി എന്തുചെയ്തു എന്ന് ഓർക്കുന്നതിനായി നമ്മെ ക്ഷണിക്കുന്നു. നാം കണ്ടതുപോലെ, കല്പലകളിൽ ദൈവം എഴുതിയത് അവന്റെ സൃഷ്ടിപ്പിന്റെ വേലയുടെ പൂർത്തീകരണത്തിലേക്ക് വിരൽചൂണ്ടുന്നു (പുറ. 31:18; 34:28). മിസ്രയീമ്യ അടിമത്തത്തിൽ നിന്നുള്ള വിടുതലിൽ ദൈവത്തിന്റെ പൂർത്തീകരിച്ച വേലയുടെ വെളിച്ചത്തിൽ ശബ്ബത്ത് അനുഷ്ഠിക്കാൻ യിസ്രായേലിനോട് ആവർത്തനത്തിൽ കല്പിക്കുന്നു. "നിവൃത്തിയായി" എന്ന് അവൻ പറഞ്ഞപ്പോൾ ക്രിസ്തു ക്രൂശിൽ നേടിയെടുക്കുന്ന പാപത്തിൽ നിന്നുള്ള ആത്യന്തിക വിടുതലിലേക്കാണ് മിസ്രയീമിൽ നിന്നുള്ള പുറപ്പാട് വിരൽചൂണ്ടിയത് (യോഹ. 19:30). ശബ്ബത്ത് ഇരട്ടിയായി അനുഗ്രഹിക്കപ്പെടുകയും വാസ്തവത്തിൽ, ക്രിസ്ത്യാനികൾക്ക് ഏറെ സവിശേഷവുമാണ്.

**വായിക്കുക: എബ്രായ 4:9-11,16. നാം എന്തു ചെയ്യാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്?**

അവന്റെ സൃഷ്ടിയുടെ വേല ദൈവം തീർത്തു. അല്ലെങ്കിൽ അവസാനിപ്പിച്ചു എന്ന വസ്തുതയാണ് ശബ്ബത്ത് സ്വസ്ഥത ആഘോഷിക്കുന്നത് (ഉല്പത്തി 2:1-3; പുറ. 20:8-11). അല്ലെങ്കിൽ വീണ്ടെടുപ്പ് (ആവ. 5:12-15). സമാനമായി, സ്വർഗ്ഗീയ മന്ദിരത്തിലുള്ള യേശുവിന്റെ സ്ഥാനാരോഹണം ആഘോഷിക്കുന്നത് നമ്മുടെ രക്ഷയ്ക്കായി അവനൊരു പരിപൂർണ്ണ യാഗം അർപ്പിച്ചുവെന്നാണ് (എബ്രാ. 10:12-14).

നമ്മുടെ സുരക്ഷ ഉറപ്പാക്കിയശേഷമേ ദൈവം വിശ്രമിക്കൂ എന്ന കാര്യം ശ്രദ്ധിക്കുക. സൃഷ്ടിപ്പിൻ, ലോകം സൃഷ്ടിച്ചശേഷം ദൈവം വിശ്രമിച്ചു. പിന്നീട്, ദൈവം മന്ദിരത്തിൽ വിശ്രമിച്ചത് അബ്രഹാമിനോട് അവൻ വാഗ്ദത്തം ചെയ്ത ദേശം ദാവീദിന്റെ വിജയങ്ങളിലൂടെ കീഴടക്കപ്പെട്ടശേഷമാണ്, അങ്ങനെ യിസ്രായേൽ, "നിർഭയം വസിച്ചു" (1 രാജാ. 4:21-25; പുറ. 15:18-21; ആവ. 11:24; 2 ശമൂ. 8:1-14 എന്നിവയുമായി താരതമ്യം ചെയ്യുക). യിസ്രായേല്യർക്കും രാജാവിനും അവരവരുടെ ഭവനങ്ങൾ ഉണ്ടായശേഷമാണ് ദൈവം അവനായി ഒരു ആലയം പണിതത്.

**എങ്ങനെയാണ് നമുക്ക് ഇപ്പോൾ പോലും അവന്റെ സ്വസ്ഥതയിലേക്ക് പ്രവേശിക്കാവുന്നത്? അതായത്, നമുക്ക് എങ്ങനെയാണ്, വിശ്വാസത്താൽ, നമുക്ക് ക്രിസ്തുവിലുള്ള രക്ഷയുടെ ഉറപ്പിൽ വിശ്രമിക്കാവുന്നത്, അല്ലാതെ നമ്മിൽ തന്നെയല്ല?**

## പുതുസൃഷ്ടിയുടെ ഒരു മുന്നറിയിപ്പ്

**താരതമ്യം ചെയ്യുക പുറ. 20:8-11; ആവ. 5:12-15; എബ്രാ. 4:8-11. ശബ്ബത്ത് സ്വസ്ഥതയുടെ അർത്ഥത്തെ സംബന്ധിച്ച എന്ത് വ്യത്യാസങ്ങളാണ് നിങ്ങൾ കാണുന്നത്?**

നാം നേരത്തെ കണ്ടതുപോലെ, പുറപ്പാടിലും ആവർത്തനത്തിലും ഉള്ള ഈ വാക്യങ്ങൾ നമ്മെ മുൻകാലത്തിലേക്കു തിരിഞ്ഞു നോക്കാൻ ക്ഷണിക്കുന്നു. വീണ്ടെടുപ്പിലും സൃഷ്ടിപ്പിലുമുള്ള ദൈവത്തിന്റെ നേട്ടങ്ങൾ ആഘോഷിക്കുന്നതിന് ശബ്ബത്തിൽ വിശ്രമിക്കുവാൻ അവ നമ്മെ ആഹ്വാനം ചെയ്യുന്നു. എന്നിരുന്നാലും എബ്രാ. 4:9-11 നമ്മെ ക്ഷണിക്കുന്നത് ഭാവിയിലേക്ക് നോക്കുവാനാണ്. അത് നമ്മോടു പറയുന്നത് ഭാവിയുള്ള ഒരു ശബ്ബത്ത് സ്വസ്ഥതയെ ദൈവം നമുക്കായി ഒരുക്കിയിട്ടുണ്ടെന്നാണ്. അത് ശബ്ബത്ത് ആചാരത്തിന് ഒരു പുതിയ മാനം നിർദ്ദേശിക്കുന്നു. ശബ്ബത്ത് സ്വസ്ഥത മുൻകാലങ്ങളിലുള്ള ദൈവത്തിന്റെ വിജയങ്ങൾ ഓർമ്മിക്കുക മാത്രമല്ല പിന്നെയോ ഭാവിക്കായുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളും ആഘോഷിക്കുന്നു.

ശബ്ബത്ത് ആചരണത്തിന്റെ ഭാവി മാനങ്ങൾ എപ്പോഴും നിലവിലുണ്ടായിരുന്നു എന്നാൽ അവ മിക്കപ്പോഴും അവഗണിക്കപ്പെട്ടിരുന്നു. വീഴ്ചയ്ക്കുശേഷം ഒരുനാൾ ദൈവം സൃഷ്ടിയെ അതിന്റെ ആദിമ മഹത്വത്തിലേക്ക് പുനഃസ്ഥാപിക്കും എന്ന വാഗ്ദത്തങ്ങളെ അവ സൂചിപ്പിച്ചു മിശിഹായിലൂടെ. ശബ്ബത്ത് ആചാരണത്തിലൂടെ അവന്റെ വീണ്ടെടുപ്പിൻ പ്രവൃത്തികളെ ആഘോഷിക്കാൻ ദൈവം നമ്മോട് കല്പിച്ചു. കാരണം ഒരു പുതിയ സൃഷ്ടിപ്പിന്റെ വീണ്ടെടുപ്പിലെ പാരമ്യത്തിലേക്ക് ശബ്ബത്ത് വിരൽചൂണ്ടി. ശബ്ബത്ത് അനുഷ്ഠാനം എന്നത് ഈ അപൂർണ്ണമായ ലോകത്തിൽ സ്വർഗ്ഗത്തിന്റെ ഒരു പ്രതീക്ഷയാണ്.

ഇത് എപ്പോഴും യെഹൂദാ പാരമ്പര്യത്തിൽ വ്യക്തമായിരുന്നുയ 100 എ.ഡി.യും 200 എ.ഡി.യും ഇടയിൽ രചിക്കപ്പെട്ട "ആദാമും ഹവ്വയും" എന്ന പുസ്തകത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഏഴാംദിനം ഉയിർപ്പിന്റെ ഒരടയാളമാണ്, വരുവാനുള്ള കാലത്തിന്റെ സ്വസ്ഥത." മറ്റൊരു പുരാതന യെഹൂദാ ഉത്ഭവം പറഞ്ഞു: വരുവാനുള്ള കാലം "നിത്യതയ്ക്കായുള്ള സമ്പൂർണ്ണ ശബ്ബത്ത് വിശ്രമത്തിന്റെ ദിനം" Jacob b Neuser, The Mishnah, A new Translation (New Haven C.T. Yale university press 1985). p. 873. പിന്നീടുണ്ടായ ഒരു ശ്രോതസ്സായ The othiot of Rabbi Akiba പറഞ്ഞു, അവൻ അനുഗ്രഹിക്കപ്പെട്ടവൻ "ലോകത്തിന്റെ ഗുരുവേ, ഞങ്ങൾ നിന്റെ കല്പനകൾ ആചരിച്ചാൽ, ഞങ്ങൾക്ക് എന്ത് പ്രതിഫലം ഉണ്ടാകും?" അവൻ അവരോട് പറഞ്ഞു: "വരുവാനുള്ള ലോകം." അവർ അവനോടു പറഞ്ഞു: "ഞങ്ങൾക്ക് അതിന്റെ സാമ്യം കാണിച്ചുതരൂ." അവൻ അവർക്ക് ശബ്ബത്ത് കാണിച്ചുകൊടുത്തു. Theodore Friedman, "The Sabbath Auticipation of redemption'' Judaism: A Quarterly Journal, vol 16, pp. 443,444.

ശബ്ബത്ത് ആഘോഷത്തിനാണ് ആനന്ദത്തിനും നന്ദി പറയലിനും നാം ശബ്ബത്ത് ആചരിക്കുമ്പോൾ, നാം സൂചിപ്പിക്കുന്നത് നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നു എന്നാണ്, നാം അവൻ കൃപയുടെ ദാനം സ്വീകരിക്കുന്നുവെന്നാണ്. ശബ്ബത്ത് എന്നാൽ ഊർജ്ജസ്വലവും ജീവനുള്ളതുമായ വിശ്വാസമാണ്. പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം ഒരുപക്ഷേ ശബ്ബത്ത് ആചരണമായിരിക്കും യേശുവിലുള്ള വിശ്വാസത്തിലൂടെ കൃപയാൽ നാം രക്ഷിക്കപ്പെട്ടു എന്ന ബോധ്യത്തിന്റെ തികഞ്ഞ പ്രകടനം.

**ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾ കൂടാതെ വിശ്വാസത്താലുള്ള രക്ഷയെ സംബന്ധിച്ച നമ്മുടെ അറിവിനെ കാണിക്കുന്ന വിധത്തിൽ എങ്ങനെയാണ് നമുക്ക് ശബ്ബത്ത് അനുഷ്ഠിക്കുന്നത് പഠിക്കാനാകുക? എങ്ങനെയാണ് വിശ്വാസത്താലുള്ള രക്ഷയുടെ ഒരു പ്രകടനമായി ശബ്ബത്ത് വിശ്രമമാവുന്നത്?**

## കൂടുതൽ പഠനത്തിന്:

ദൈവം നമുക്ക് നല്കുന്ന വിശ്വാസത്താലുള്ള രക്ഷയുടെ ഒരടയാളമായി, ഞായറാഴ്ച അല്ല, ശബ്ബത്ത് വിശ്രമത്തെ എബ്രായറിൽ പൗലൊസ് ഉപയോഗിച്ചു എന്നത് വളരെ പ്രധാനമാണ്. ശബ്ബത്ത് വിശ്രമത്തെ ഈ തരത്തിൽ ഉപയോഗിച്ചു എന്നത് സൂചിപ്പിക്കുന്നത് വിശ്വാസികൾ ശബ്ബത്തിനെ വളരെയധികം ഇഷ്ടപ്പെടുകയും ആചരിക്കുകയും ചെയ്തു എന്നാണ്. എന്നിരുന്നാലും രണ്ടാം നൂറ്റാണ്ടു മുതൽ സഭയിൽ നിർണ്ണായകമായ മാറ്റമുണ്ടായതിന് നമുക്ക് തെളിവുണ്ട്. ശബ്ബത്ത് ആചരണം രക്ഷയുടെ ഒരടയാളമായി കണക്കാക്കിയത് നിലച്ചു. പകരം, പഴയ ഉടമ്പടിയോടും യെഹൂദാ മതത്തോടുമുള്ള ഒരു കൂറിന്റെ അടയാളമായി കണക്കാക്കപ്പെട്ടു. ഒഴിവാക്കേണ്ടതായ ഒന്ന്. ശബ്ബത്ത് ആചരിക്കുക എന്നാൽ "യെഹൂദവല്ക്കരിക്കുക" എന്ന നിലയിലായി. ഉദാഹരണത്തിന് അന്ത്യൊക്യയിലെ ഇഗ്നേഷ്യസ് (ഏകദേശം 110 എ.ഡി.യിൽ) അഭിപ്രായപ്പെട്ടു: "പഴയ ക്രമമനുസരിച്ച് ജീവിച്ചവർ പുതിയ പ്രത്യാശ കണ്ടെത്തിയിരിക്കുന്നു. അവർ മേലിൽ ശബ്ബത്ത് ആചരിക്കില്ല. പിന്നെയോ കർത്താവിന്റെ ദിവസം ക്രിസ്തുവിനോടൊത്ത് നമ്മുടെ ജീവിതം ഉയിർത്തെഴുന്നേറ്റ ദിവസം" Jacques B. Doukhan, Israel and the church: Two Voices for the same God (Peabody; MA. Hendrickson publishers, 2202), p. 42. സമാനമായി, മാർസിയോൺ അവന്റെ അനുയായികളോട് യെഹൂദരെയും അവരുടെ ദൈവത്തെയും തള്ളിക്കളയുന്നതിന്റെ അടയാളമായി ശബ്ബത്തുകളിൽ ഉപവസിക്കാൻ ആവശ്യപ്പെട്ടു, വിക്ടോറിനസ്സിന് താൻ "യെഹൂദന്മാരുടെ ശബ്ബത്ത് അനുഷ്ഠിച്ചു" എന്ന് കാണപ്പെടുവാൻ ആഗ്രഹിച്ചില്ല (Israel and the church, pp, 41-45 കാണുക) കൃപയാലുള്ള രക്ഷയുടെ ഒരടയാളമായി ശബ്ബത്തിനെ കാണാനുള്ള തിരിച്ചറിവിന്റെ അഭാവമാണ് അത് ക്രിസ്തീയ സഭയിൽ ഇല്ലാതാകുവാനുള്ള കാരണം.

"ശബ്ബത്ത് എന്നത് നമ്മെ വിശുദ്ധരാകാനുള്ള ക്രിസ്തുവിന്റെ ശക്തിയുടെ ഒരു അടയാളമായിരുന്നു. അത് ക്രിസ്തു വിശുദ്ധരാക്കുന്ന സർവ്വർക്കും നല്കപ്പെട്ടിരിക്കുന്നു. അവന്റെ ശുദ്ധീകരണത്തിന്റെ ശക്തിയുടെ ഒരാടയാളമായി, ക്രിസ്തുവിലൂടെ ദൈവത്തിന്റെ യിസ്രായേലാകുന്ന സകലർക്കുമായി ശബ്ബത്ത് നല്കപ്പെട്ടിരിക്കുന്നു...

വീണ്ടെടുപ്പിലുള്ള അവന്റെ സർവ്വശക്തിയുടെ ഒരു തെളിവായി ശബ്ബത്ത് അവരെ സൃഷ്ടിപ്പിന്റെ വേലകളിലേക്ക് ചൂണ്ടിക്കാണിക്കുന്നു. ഏദെനിലെ നഷ്ടപ്പെട്ട സമാധാനത്തെക്കുറിച്ച് അത് മനസ്സിൽ ഓർമ്മിപ്പിക്കുമ്പോഴും അത് രക്ഷകനിലൂടെ പുനഃസ്ഥാപിക്കപ്പെട്ട സമാധാനത്തെക്കുറിച്ച് സംസാരിക്കുന്നു. പ്രകൃതിയിലെ ഓരോ വസ്തുവും അവന്റെ ക്ഷണത്തെ ആവർത്തിക്കുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെയടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28) എലൻ ജി. വൈറ്റ്, യുഗങ്ങളുടെ പ്രത്യാശ, പേജ് 288, 289.

## ചർച്ചാ ചോദ്യങ്ങൾ

1. **വിശ്വാസത്താലുള്ള നീതീകരണവും ശബ്ബത്തും തമ്മിലുള്ള ബന്ധം എന്താണ്?**
2. **സത്യമായ ശബ്ബത്ത് ആചാരണവും നിയമാനുസൃത ശബ്ബത്ത് ആചരണവും തമ്മിലുള്ള വ്യത്യാസം എന്ത്? നമ്മുടെ സ്വന്തം ശബ്ബത്ത് ആചരണത്തിൽ എങ്ങനെയാണ് നമുക്ക് ഈ വ്യത്യാസം അറിയാൻ കഴിയുക മാത്രമല്ല പിന്നെയോ അനുഭവിക്കാനും കഴിയുന്നത്?**